

29-04-2022

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R**

**Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/04/2022.

1. **ഞങ്ങളും കൃഷിയിലേക്ക്** പദ്ധതിയുടെ ഭാഗമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രിയോട് നേരിട്ട് സംവദിക്കാം. ഹലോ കൊച്ചി എഫ്.എം-ൽ തത്സമയ ഫോൺ ഇൻ പരിപാടിയിൽ മന്ത്രി പി. പ്രസാദ് ഇന്ന് (ഏപ്രിൽ 29) ഉച്ചയ്ക്ക് 3 മണി മുതൽ സംസാരിക്കുന്നു. **9446455888, 0484-1707078** എന്നീ ഫോൺ നമ്പരുകളിൽ വിളിക്കുക.

2. കോട്ടങ്ങൽ മൃഗാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഇന്ന് (ഏപ്രിൽ 29-ന്) രാവിലെ 11.30-ന് അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ വച്ച് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

3. ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ കേരളയുടെ വേൾഡ് വെറ്ററിനറി ദിനാഘോഷങ്ങളുടെ ഉദ്ഘാടനം നാളെ (ഏപ്രിൽ 30) രാവിലെ 9 മണിക്ക് തിരുവനന്തപുരത്ത് വച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ നിർവഹിക്കും.

4. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാല വിവിധ വകുപ്പുകളിലായി 9 അസിസ്റ്റന്റ് പ്രൊഫസർമാരുടെ എൻ.സി.എ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് മാസം 20. വിജ്ഞാപനത്തിനും കൂടുതൽ വിവരങ്ങൾക്കും www.kvasu.ac.in എന്ന സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

5. ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിലെ 3 വർഷം പ്രായമുള്ള രണ്ട് കാളകളെ നാളെ (ഏപ്രിൽ 30) പകൽ 12 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ അന്നേ ദിവസം (ഏപ്രിൽ 30) ലേലത്തിനു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ് കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

6. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കരാർ അടിസ്ഥാനത്തിൽ ചീഫ് മാനേജർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജൂനിയർ അക്കൗണ്ടന്റ്, ഫ്ളോർ സൂപ്പർവൈസർ ഫോർ ബസാർ എന്നീ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി മേയ് മാസം 10 ആണ്. താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും, ബയോഡേറ്റയും മേയ് മാസം 10 മുമ്പായി എത്തക്കത്തക്കവിധം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കിസ്സാൻ ജ്യോതി ഫോർട്ട് പി.ഒ., തിരുവനന്തപുരം-23 എന്ന വിലാസത്തിലോ, keragrotvm@gmail.com എന്ന മെയിൽ ഐഡിയിലോ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവിരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471-2471343, 2471344** എന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

7. തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉത്പാദിപ്പിച്ച നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യുകൾച്ചർ വാഴതൈകൾ തൈ ഒന്നിന് 20 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2413739** എന്ന ഫോൺ നമ്പരിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

8. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ പൂക്കോട് ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാം കോംപ്ലക്സിൽ ഗ്രാമശ്രീ ഇനത്തിലുള്ള ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. ബുക്കിംഗ് പ്രകാരം എല്ലാ ബുധനാഴ്ച്ചയുമാണ് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്. ആവശ്യമുള്ളവർ **9497720137** എന്ന നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടികൾ

9. അഗ്രി ക്ലിനിക്ക് ആന്റ് അഗ്രി ബിസിനസ്സ് സെന്റർ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ **സംരംഭകത്വവും സ്വയംതൊഴിൽ അവസരങ്ങളും** എന്ന വിഷയത്തിൽ 45 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ നിന്നോ കേന്ദ്ര കാർഷിക സർവ്വകലാശാലയിൽ നിന്നോ ഭാരത സർക്കാരിന്റെ കൃഷി, കർഷക ക്ഷേമ, സഹകരണ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നോ കൃഷി ശാസ്ത്രത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. പരിസ്ഥിതി ശാസ്ത്രം, ബോട്ടണി, സുവോളജി, കെമിസ്ട്രി എന്നിവയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഏതെങ്കിലും വിഷയത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ/യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നിവയുടെ അംഗീകാരമുള്ള ബിരുദം. കൃഷി ശാസ്ത്രത്തിലോ അനുബന്ധ വിഷയങ്ങളിലോ ഡിപ്ലോമ അല്ലെങ്കിൽ പിജി ഡിപ്ലോമ. പഠന വിഷയത്തിന്റെ 60% ത്തിലധികം കൃഷി ശാസ്ത്രമായിട്ടുള്ളതും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതുമായ ബിരുദം. പ്ലസ് ടു തലത്തിൽ 55% ത്തിൽ കുറയാത്ത മാർക്കോടെയുള്ള കൃഷി ശാസ്ത്ര കോഴ്സ് എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് http://acabcmis.gov.in എന്ന വെബ്സൈറ്റിലോ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം ഓഫീസോ സന്ദർശിക്കുക. അപേക്ഷകൾ ഓൺലൈനായി http://acabcmis.gov.in/ApplicantReg.aspx എന്ന വെബ്സൈറ്റിൽ സമർപ്പിച്ചതിനുശേഷം **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി പി.ഒ., പാലക്കാട് ജില്ല, 679 306** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

10. റബ്ബറിന്റെ വിപണന-കയറ്റുമതിരീതികളിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. **റബ്ബർവിപണി, ഫ്യൂച്ചർ ട്രേഡിങ്, കയറ്റുമതി സാധ്യതകൾ, റബ്ബർവിലയുമായി ബന്ധപ്പെട്ട ഘടകങ്ങൾ, ലൈസൻസിങ്, ഗവണ്മെന്റിന്റെ എക്സിം പോളിസികൾ, വിപണിവികസനത്തിനും കയറ്റുമതി പ്രോത്സാഹനത്തിനുമുള്ള നടപടികൾ** എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള രണ്ടു ദിവസത്തെ പരിശീലനം മെയ് 05, 06 തീയതികളിൽ കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം